# പതിമൂന്നാം കേരള നിയമസഭ
## രണ്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ : 5322 | 25/10/2011-ൽ മറുപടിക്ക്

## സ്കൂൾ വിദ്യാർത്ഥികളുടെ ആരോഗ്യ പരിശോധന

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. വി. എസ്. സുനിൽ കുമാർ :<br>" കെ. രാജു :<br>" ജി. എസ്. ജയലാൽ : | | ശ്രീ. പി.കെ. അബ്ദുറബ്ബ്<br>(വിദ്യാഭ്യാസ വകുപ്പു മന്ത്രി) | |
| എ) | സ്കൂൾ വിദ്യാർത്ഥികളുടെ ആരോഗ്യ പരിശോധനകൾക്കായി ഏർപ്പെടുത്തിയിട്ടുള്ള സംവിധാനങ്ങൾ എന്തെല്ലാമാണ്; | എ) | സ്കൂൾ വിദ്യാർത്ഥികളുടെ ആരോഗ്യ പരിശോധനകൾക്കായി നാഷണൽ റൂറൽ ഹെൽത്ത് മിഷനുമായി സഹകരിച്ച് സ്കൂളുകളിൽ ജെ.പി.എച്ച്.എൻ.മാരുടെ സേവനം, രോഗ പ്രതിരോധ നടപടികൾ, മാസത്തിൽ ഒരു തവണയെങ്കിലും ഡോക്ടർമാരുടെ സേവനം, ജെ.പി.എച്ച്.എൻ. പ്രകാരം റഫർ ചെയ്യുന്ന കുട്ടികൾക്ക് പി.എച്ച്.സി./സി.എച്ച്.സി. മുഖാന്തിരം തുടർ ചികിത്സ, സ്കൂൾ ഹെൽത്ത് ക്ലബ്ബുകൾ, കൂടാതെ 3 മുതൽ 18 വയസ് വരെയുള്ള കുട്ടികളുടെ സമഗ്രമായ ആരോഗ്യ വിവരങ്ങളും, ടി.സി.യും രേഖപ്പെടുത്തുന്നതിനായുള്ള ഹെൽത്ത് കാർഡ് സമ്പ്രദായവും ഏർപ്പെടുത്തിയിട്ടുണ്ട്. |
| ബി) | ഓരോ അദ്ധ്യയനവർഷവും ശരാശരി എത്ര വിദ്യാർത്ഥികളെ പരിശോധനകൾക്ക് വിധേയമാക്കുന്നുണ്ട്; | ബി) | 2009 ഒക്ടോബറിൽ നിലവിൽ വന്ന പദ്ധതി പ്രകാരം ആ അദ്ധ്യയന വർഷം 300751 കുട്ടികളെയും 2010-11 അധ്യയന വർഷം 652002 കുട്ടികളെയും ജെ.പി.എച്ച്.എൻ. സ്ക്രീനിംഗ് നടത്തിയിട്ടുണ്ട്. |
| സി) | സ്കൂൾ കുട്ടികൾക്കായി പ്രത്യേക ഹെൽത്ത് കാർഡുകൾ രേഖയായി സൂക്ഷിക്കാറുണ്ടോ; | സി) | ഉണ്ട്. |

(......2)

| | | | |
|---|---|---|---|
| ഡി) | പരിശോധനകളുടെ ഭാഗമായി വിദ്യാർത്ഥികളിൽ കണ്ടെത്തുന്ന രോഗങ്ങൾക്ക് തുടർ ചികിത്സയ്ക്കായി ഏതെങ്കിലും തരത്തിലുള്ള സഹായം നൽകാറുണ്ടോ; വിശദമാക്കുമോ? | ഡി) | തുടർ ചികിത്സ ആവശ്യമുള്ള കുട്ടികളെ ആവശ്യാനുസരണം അതത് പഞ്ചായത്ത് ആരോഗ്യകേന്ദ്രത്തിലേയ്ക്കോ താലൂക്ക് ആശുപത്രിയിലേയ്ക്കോ റഫർ ചെയ്യുന്നു. ആവശ്യമുള്ള ചികിത്സ അവിടെ കുട്ടികൾക്ക് ലഭിക്കും. |

സെക്ഷൻ ഓഫീസർ